**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2429** **13-09-2023 - ൽ മറുപടിയ്ക്ക്**

**സഞ്ചരിക്കുന്ന റേഷൻ കടകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിൽ സഞ്ചരിക്കുന്ന റേഷൻ കടകളുടെ പ്രവർത്തനം ഏതൊക്കെ സ്ഥലങ്ങളിൽ ഉണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (എ) | പാറശ്ശാല മണ്ഡലത്തിലെ അമ്പൂരി പഞ്ചായത്തിലെ പുരവിമല, കണ്ണമാംമൂട്, തെന്മല, കൊമ്പെ, വെല്ലി, തേക്കുംമൂട്, പീയണിപ്പാറ ഉടങ്ങിയ പ്രദേശങ്ങളിൽ 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതി പ്രകാരം<br><br>റേഷൻവിതരണം നടത്തി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ മണ്ഡലത്തിലെ മുഴുവൻ ആദിവാസി ഊരുകളിലും ഭക്ഷ്യ സാധനങ്ങൾ എത്തിക്കാൻ സാധിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതിയിലൂടെ പാറശ്ശാല മണ്ഡലത്തിലെ അമ്പൂരി ആദിവാസി മേഖലയിലെ മുഴുവൻ ആദിവാസി ഊരുകളിലും റേഷൻ സാധനങ്ങൾ എത്തിക്കാൻ സാധിക്കുന്നുണ്ട്. വനമേഖലയിലെ അപകട സാഹചര്യത്തിലും, പ്രതികൂല കാലാവസ്ഥയിലും, ആദിവാസി പ്രൊമോട്ടർമാരുടെ സഹകരണത്തോടെ റേഷനിംഗ് ഇൻസ്പെക്ടർമാർ ഊരുകളിൽ നേരിട്ടെത്തി പരാതിക്കിടവരാതെ റേഷൻ വിതരണം നടത്തി വരുന്നു. ഇപ്രകാരം അർഹതപ്പെട്ട റേഷൻ വിഹിതം കൃത്യമായി ഓരോ കാർഡുടമയ്ക്കും ലഭിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തുന്നുണ്ട്. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ ആദിവാസി ഊരുകളിലേയ്ക്ക് ഭക്ഷ്യ സാധനങ്ങൾ എത്തിക്കാൻ നിലവിൽ ഏത് വാഹനമാണ് ഉപയോഗിക്കുന്നത്; ആയതിന്റെ ചെലവുകൾ ആരാണ് വഹിക്കുന്നത്;വിശദമാക്കാമോ; | (സി) | പാറശ്ശാല മണ്ഡലത്തിലെ ആദിവാസി ഊരുകളിൽ ഭക്ഷ്യ സാധനങ്ങൾ എത്തിക്കാൻ കരാറടിസ്ഥാനത്തിൽ ഉപയോഗിക്കുന്ന COMMERCIAL VEHICLES/EICHER (KL 74-A-5788) വാഹനത്തിന്റെ ചെലവുകൾ സർക്കാരാണ് വഹിക്കുന്നത്. |
| (ഡി) | സഞ്ചരിക്കുന്ന റേഷൻ കട പദ്ധതിക്കായി എം.എൽ.എ.മാരുടെ വികസന ഫണ്ട് വിനിയോഗിച്ച് വാഹനം വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | 'സഞ്ചരിക്കുന്ന റേഷൻ കട' പദ്ധതിക്കായി എം.എൽ.എ.മാരുടെ വികസന ഫണ്ട് വിനിയോഗിച്ച് വാഹനം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഇ) | ഇത്തരത്തിൽ വാങ്ങുന്ന വാഹനങ്ങളുടെ ഇന്ധനം, ഡ്രൈവറുടെ ശമ്പളം, മെയിന്റനൻസ് ഉൾപ്പെടെയുള്ള ആവർത്തന ചെലവുകൾ എന്നിവ | (ഇ) | ഇതു സംബന്ധിച്ച് തീരുമാനമായിട്ടില്ല. |

| | | | |
|---|---|---|---|
| | ഏത് രീതിയിൽ നിർവഹിക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ